# കേരള സർവകലാശാല

നം.പി.ആർ.206/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### സർവകലാശാലയ്ക്ക് എതിരെയുള്ള സമരം അനുചിതം

കേരള സർവകലാശാലയിലെ സമാധാനാന്തരീക്ഷം തകർക്കുന്നതിന് മാത്രം ഉതകുന്ന സമരത്തിൽ നിന്നും ബന്ധപ്പെട്ടവർ പിന്തിരിയണം എന്ന് വൈസ് ചാൻസലർ അഭ്യർത്ഥിക്കുന്നു.

നിരന്തരമായി വൈസ് ചാൻസലറുടെ ഓഫീസ് മുറിയിലും യോഗങ്ങളിലും അതിക്രമിച്ച് കയറി ആക്രോശിക്കുന്നതും പേപ്പറുകൾ വലിച്ചെറിയുന്നതും ഒരു സംഘം ഗവേഷണ വിദ്യാർത്ഥികൾ ആവർത്തിച്ചു വരികയായിരുന്നു. അടുത്തിടെ അജേഷ്, മനേഷ് എന്നീ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ അനുവാദമില്ലാതെ കടന്നുവന്ന അഞ്ചുപേർ വൈസ് ചാൻസലറുടെ നേർക്ക് ആക്രോശിക്കുകയും അസഭ്യവർഷം ചൊരിയുകയും ചെയ്തു.

ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇവർ അഞ്ചുപേർക്കും കാരണം കാണിക്കൽ നോട്ടീസ് നൽകിയതിനു മറുപടിയായി ധിക്കാരപരമായ സമീപനമാണുണ്ടായത്. തുടർന്ന് ഈ അഞ്ച് വിദ്യാർത്ഥികളേയും സസ്പെന്റ് ചെയ്യുകയും വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ അഡ്വ. എൻ.എസ് ലാലിനെ നിയോഗിക്കുകയും ചെയ്തു. ഇതിനിടയിൽ സർവകലാശാല സിൻഡിക്കേറ്റ് നിയോഗിച്ച് ഉപസമിതി പ്രശ്നത്തിൽ ഇടപെടുകയും അവരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട വിദ്യാർത്ഥികൾ ഖേദം പ്രകടിപ്പിക്കുകയും ചെയ്തു. അതുവരെ നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എൻക്വയറി ഓഫീസറുടെ റിപ്പോർട്ടും ലഭിച്ചു. ഗുരുതരമായ കുറ്റമാണ് വിദ്യാർത്ഥികൾ ചെയ്തെങ്കിലും ഖേദം പ്രകടിപ്പിച്ച സാഹചര്യത്തിൽ വിദ്യാർത്ഥികളെ അഞ്ചുപേരെയും ഗവേഷണം തുടരുന്നതിനായി തിരിച്ചെടുക്കുകയും ചെയ്തു.

സുപ്രീംകോടതിയുടേയും ഹൈക്കോടതിയുടേയും ഉത്തരവുകൾ അനുസരിച്ചും യു.ജി.സിയുടെ അന്ത്യശാസന മുൻനിർത്തിയുമാണ് എം.ഫിൽ-പി.എച്ച്.ഡി തല ഗവേഷണ പഠനത്തിന് ദേശീയതല ചട്ടങ്ങൾ നടപ്പിലാക്കിയത്. എൻ.സി.ടി.ഇ നിർദ്ദേശം നടപ്പാക്കാത്തതുമൂലം ബി.എഡ് കോളേജുകളുടേയും യു.ജി.സി നിർദ്ദേശം അനുസരിക്കാതെ വന്നതുമൂലം വിദൂരപഠനകേന്ദ്രത്തിന്റേയും അംഗീകാരം റദ്ദാക്കിയ സാഹചര്യം ഗവേഷണ ചട്ടങ്ങൾ വീഴ്ചകൂടാതെ നടപ്പിലാക്കുന്നതിന് പ്രേരകമാവുകയും ചെയ്തു.

ഗവേഷണ പഠനത്തിനുള്ള യു.ജി.സി റഗുലേഷൻ നടപ്പിലാക്കിയതിനെതിരെ ഗവേഷണ വിദ്യാർത്ഥികൾ ഹൈക്കോടിയെ സമീപിച്ചുവെങ്കിലും സർവകലാശാലയുടെ നടപടി ശരിവയ്ക്കും വിധമുള്ള ഉത്തരവാണുണ്ടായത്. ഹൈക്കോടതി ഉത്തരവിനെ യഥാവിധ മാനിച്ചും യു.ജി.സി റഗുലേഷനുകളിൽ വെള്ളം ചേർക്കാതെയും നിലവിലുള്ള എല്ലാ ഗവേഷക വിദ്യാർത്ഥികളുടേയും എം.ഫിൽ വിദ്യാർത്ഥികളുടേയും സംരക്ഷണം ഉറപ്പുവരുത്തുന്ന നടപടികളും സമീപനവുമാണ് സർവകലാശാല ഇതിനകം സ്വകരിച്ചിട്ടുള്ളത്. മാത്രമല്ല റഗുഷേനുകൾ നടപ്പിലാക്കിയത് മൂലമുള്ള വ്യക്തിഗത പരാതികൾ പരിഹരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

പി.എച്ച്.ഡി ബിരുദത്തിനുവേണ്ടിയുള്ള ഗവേഷണം മൂന്ന് വർഷത്തിനകം പൂർത്തിയാക്കേണ്ടതാണ്. ഇത് അഞ്ചുവർഷത്തിനുമേൽ ഒരു കാരണവശാലും നീണ്ടുപോകരുത് എന്ന് ഹൈക്കോടതിയും വ്യക്തമാക്കിയിട്ടുണ്ട്. ഈ പറഞ്ഞ കാലയളവിനുള്ളിൽ ഗവേഷണം പൂർത്തിയാക്കാത്തവർ ഫെലോഷിപ്പ് വാങ്ങിയത് തിരിച്ചടയ്ക്കേണ്ടതുണ്ട്. ഫെലോഷിപ്പ് തിരിച്ചടയ്ക്കൽ ഒഴിവാക്കാൻ ഗവേഷണ കാലയളവ് നീട്ടിക്കിട്ടണം എന്നപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് ചുമത്തുന്ന പിഴയാണ് അമിതഫീസായി സമരക്കാർ ചിത്രീകരിക്കുന്നത്. ഇത് സംബന്ധിച്ച തീരുമാനം വൈസ് ചാൻസലറുടെ എതിർപ്പ് അവഗണിച്ച് സിൻഡിക്കേറ്റ് ആണ് എടുത്തത്. അതുകൊണ്ട് പുന:പരിശോധന നടത്തി തീരുമാനം എടുക്കേണ്ടതും സിൻഡിക്കേറ്റ് തന്നെയാണ്.

ചുരുക്കത്തിൽ ഇല്ലാത്ത പ്രശ്നങ്ങൾ ഉയർത്തിക്കാട്ടിയും തെറ്റായ വിവരങ്ങൾ പ്രചരിപ്പിച്ചും സ്വാർത്ഥ താൽപര്യ സംരക്ഷണക്കാരുടെ പ്രേരണയോടെ നടക്കുന്ന സമരത്തിന്റെ നിജസ്ഥിതി മനസ്സിലാക്കി ബന്ധപ്പെട്ടവർ പ്രവർത്തിക്കുമെന്ന് വിശ്വസിക്കുന്നു.

## ജിയോ ഇൻഫർമേഷൻ സയൻസ് & ടെക്നോളജി അപേക്ഷ : തീയതി നീട്ടി

**കേരള സർവകലാശാല ഐ.യു.സി.ജി.ഐ.എസ്.ടി കേന്ദ്രത്തിൽ നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ജിയോ ഇൻഫർമേഷൻ സയൻസ് & ടെക്നോളജി കോഴ്സിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി നവംബർ 10-ലേക്ക് നീട്ടി. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.cgist.ac.in) ലഭിക്കും. ഫോൺ. 0471-2308214.**

## എം.എ ഹിസ്റ്ററി ഫലം

**കേരള സർവകലാശാല ജൂണിൽ നടത്തിയ എം.എ ഹിസ്റ്ററി (2014-16 ബാച്ച് - സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ആൻസി ഏഞ്ചൽ എ.എം (രജി.നം HIS 140502) ഒന്നാം റാങ്ക് നേടി.**

## സർട്ടിഫിക്കറ്റ് ഇൻ ഫങ്ഷണൽ ഫ്രഞ്ച്

**കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ഫങ്ഷണൽ ഫ്രഞ്ച് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത : പ്ലസ് ടു/പ്രീഡിഗ്രി ജയം. ഫീസ് 2500/-രൂപ. കോഴ്സ് കാലാവധി മൂന്ന് മാസം. അപേക്ഷാഫീസ് 100 രൂപ. അവസാന തീയതി നവംബർ 20. ഫോൺ. 0471-2302523.**

## സർട്ടിഫിക്കറ്റ് ഇൻ ഫങ്ഷണൽ ജർമ്മൻ

**കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ഫങ്ഷണൽ ജർമ്മൻ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത : പ്ലസ് ടു/പ്രീഡിഗ്രി ജയം. ഫീസ് 2500/-രൂപ. കോഴ്സ് കാലാവധി മൂന്ന് മാസം. അപേക്ഷാഫീസ് 100 രൂപ. അവസാന തീയതി നവംബർ 20. ഫോൺ. 0471-2302523.**

## ഫങ്ഷണൽ ഇംഗ്ലീഷ് ആൻഡ് പബ്ലിക് സ്പീക്കിംഗ്

**കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന അഡ്വാൻസ്ഡ് സർട്ടിഫിക്കറ്റ് ഇൻ ഫങ്ഷണൽ ഇംഗ്ലീഷ് ആൻഡ് പബ്ലിക് സ്പീക്കിംഗ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത : പ്ലസ് ടു/പ്രീഡിഗ്രി**

ജയം. ഫീസ് 6000/-രൂപ. കോഴ്സ് കാലാവധി നാല് മാസം. അപേക്ഷാഫീസ് 100 രൂപ. അവസാന തീയതി നവംബർ 20. ഫോൺ. 0471-2302523.

## പരീക്ഷാകേന്ദ്രത്തിൽ മാറ്റം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നവംബർ ഏഴ്, എട്ട് തീയതികളിൽ കൊല്ലം എസ്.എൻ കോളേജ് ഫോർ മെനിൽ നടത്താനിരുന്ന ഒന്ന്, രണ്ട് വർഷ ബി.എസ്സി കമ്പ്യൂട്ടർ സയൻസ്, ബി.സി.എ പരീക്ഷകൾക്ക് കൊല്ലം എസ്.എൻ കോളേജ് ഫോർ വിമനിൽ ഹാജരാകണം.

## അറബിക് കാലിഗ്രാഫി മത്സരം

കേരള സർവകലാശാല അറബിക് പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര അറബിക് ദിനാചരണത്തിന്റെ ഭാഗമായി അറബിക് കാലിഗ്രാഫി മത്സരം നടത്തുന്നു. 'അൽയൗമുൽ ആലമീ ലിൽലുഗത്തിൽ അറബിയ്യ' എന്ന വാചകം ഒരു ചിത്രമാക്കി എ3 സൈസ് പേപ്പറിൽ വരച്ച് ഡിസംബർ 10-നകം കാര്യവട്ടം അറബിക് പഠനവകുപ്പ് മേധാവിക്ക് അയയ്ക്കണം. കമ്പ്യൂട്ടർ പ്രിന്റുകൾ സ്വീകരിക്കുന്നതല്ല. വിജയികൾക്ക് വകുപ്പ് നടത്തുന്ന ഏകദിന സെമിനാറിൽ ക്യാഷ് അവാർഡുകൾ വിതരണം ചെയ്യും. ഫോൺ. 9747318105.

## എം.ഫിൽ വൈവ

കേരള സർവകലാശാല കാര്യവട്ടം ഗണിതശാസ്ത്ര പഠനവകുപ്പിലെ എം.ഫിൽ (2015-16 ബാച്ച്) വൈവ നവംബർ ഏഴ് രാവിലെ 10 മണിമുതൽ പഠനവകുപ്പിൽ നടത്തും.

## എം.എഡ് ടൈംടേബിൾ

കേരള സർവകലാശാല നവംബർ ഒമ്പതിന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ എം.എഡ് (റഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്സി കമ്പ്യൂട്ടർ സയൻസ് പ്രാക്ടിക്കൽ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ ഒമ്പതിന് തുടങ്ങും. ടൈംടേബിൾ കോളേജിലും വെബ്സൈറ്റിലും (www.keralauniversity.ac.in) ലഭിക്കും.

## എം.ബി.എ ടൈംടേബിൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നവംബർ 23-ന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ എം.ബി.എ സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ.എസ്.എൽ.പി ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ്, സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 24 വരെ അപേക്ഷിക്കാം.

## ബി.എസ്സി നഴ്സിംഗ് ഫലം

**കേരള സർവകലാശാല ജൂലൈയിൽ നടത്തിയ രണ്ടാം വർഷ ബി.എസ്സി നഴ്സിംഗ് (സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 17 വരെ അപേക്ഷിക്കാം.**

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
02.11.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098